**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മട്ടന്നൂർ അസംബ്ലി മണ്ഡലത്തിൽ മാങ്ങാട്ടിടം, പടിയൂർ, കീഴല്ലൂർ, ചിറ്റാരിപ്പറമ്പ എന്നീ നാല് പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**1) മാങ്ങാട്ടിടം**<br><br>**2021-22 വർഷം പദ്ധതി ആരംഭിക്കുകയും 250 ഹെക്ടർ വിസ്തൃതിയിൽ 43750 എണ്ണം തെങ്ങുകൾക്ക് ആകെ 47.17 ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2049 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. തുടർന്ന് രണ്ടാം വർഷ ധനസഹായമായി 20 ലക്ഷം രൂപയും മൂന്നാം വർഷ ആനുകൂല്യമായി 1.179903 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.**<br><br>**2) പടിയൂർ**<br><br>**2021-22 വർഷം പദ്ധതി ആരംഭിക്കുകയും 250 ഹെക്ടർ വിസ്തൃതിയിൽ 43750 എണ്ണം തെങ്ങുകൾക്ക് ആകെ 45.72550 ലക്ഷം സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട് . 1413 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. തുടർന്ന് രണ്ടാം വർഷ ധനസഹായമായി 20 ലക്ഷം രൂപയും മൂന്നാം വർഷ ആനുകൂല്യമായി 1.36674 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.**<br>**3) കീഴല്ലൂർ**<br><br>**2022-23 വർഷം പദ്ധതി ആരംഭിക്കുകയും 100 ഹെക്ടർ വിസ്തൃതിയിൽ 17500 എണ്ണം തെങ്ങുകൾക്ക് ആകെ 24.86048 ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 949 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. തുടർന്ന് രണ്ടാം വർഷ ധനസഹായമായി 6.79418 ലക്ഷം രൂപയും** |

| | | | |
|---|---|---|---|
| | | | **മൂന്നാം വർഷ ആനുകൂല്യമായി 1.97979 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.**<br>**<u>4) ചിറ്റാരിപ്പറമ്പ</u>**<br><br>**2024-25 വർഷം പദ്ധതി ആരംഭിക്കുകയും 100 ഹെക്ടർ വിസ്തൃതിയിൽ 17500 എണ്ണം തെങ്ങുകൾക്ക് ആകെ 22.5 ലക്ഷം രൂപ സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1145 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. തുടർന്ന് രണ്ടാം വർഷ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ